# പശ്ചിമഘട്ടം: വനാവകാശം

ആദിവാസികളെ വനസംരക്ഷണത്തിന്റെ ശത്രുക്കളായി കണ്ടിരുന്ന ചരിത്രപരമായ ആ തെറ്റുകൾ തിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് 2006ൽ വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006 - FRA) യാഥാർത്ഥ്യമാകുന്നത്. വനവിഭവങ്ങളുടെ മേലുള്ള അവകാശവും വനം സംരക്ഷിക്കുന്നതിനുള്ള അധികാരവും വനാശ്രിത ഗോത്രസമൂഹങ്ങളുടെ ഗ്രാമസഭകൾക്കാണോ അതോ വനം വകുപ്പിനാണോ എന്ന് വനാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ അന്വേഷിക്കുന്നതിനായി കേരളീയവും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (കെ.എഫ്.ആർ.ഐ) ചേർന്ന് 2012 നവംബർ 4ന് കെ.എഫ്.ആർ.ഐയിൽ വച്ച് ഒരു സംവാദം സംഘടിപ്പിച്ചു. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല എന്നുമാത്രമല്ല അട്ടിമറിക്കപ്പെടാനുള്ള ശ്രമങ്ങൾ വ്യാപകമാവുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഇത്തരമൊരു സംവാദം സംഘടിപ്പിച്ചത്. സംവാദത്തിന്റെ പ്രസക്തഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു.

**പങ്കെടുത്തവർ:**

എം. ഗീതാനന്ദൻ (ആദിവാസി ഗോത്രമഹാസഭ), സി.ആർ. ബിജോയ് (സാമൂഹ്യപ്രവർത്തകൻ), പ്രൊഫ. എം.കെ. പ്രസാദ് (പരിസ്ഥിതി പ്രവർത്തകൻ), ഡോ. എ. ലത (ഡയറക്ടർ, റിവർ റിസർച്ച് സെന്റർ), പി. വിനോദ് (വനംവകുപ്പ് ഉദ്യോഗസ്ഥൻ), ഡോ. കെ.എച്ച്. അമിതാബച്ചൻ (വെസ്റ്റേൺഗാട്ട് ഹോൺബിൽ ഫൗണ്ടേഷൻ), ഡോ. ടി.വി. സജീവ് (ശാസ്ത്രജ്ഞൻ, കെ.എഫ്.ആർ.ഐ), ഡോ. എം. അമൃത് (ശാസ്ത്രജ്ഞൻ, കെ.എഫ്.ആർ.ഐ), കെ. രാജൻ (എഴുത്തുകാരൻ), എം.ഐ. വർഗീസ് (റിട്ട. കൺസർവേറ്റർ, വനംവകുപ്പ്).

**റോബിൻ** : 2006ൽ നിവലിൽ വരുകയും 2009 മുതൽ നടപ്പിലാക്കി തുടങ്ങുകയും ചെയ്തിട്ടും വനാവകാശ നിയമത്തെക്കുറിച്ച് കേരളത്തിലെ പരിസ്ഥിതി-സാമൂഹിക പ്രവർത്തകർക്കിടയിലും ആദിവാസി സമൂഹത്തിനിടയിലും അവ്യക്തതകൾ തുടരുകയാണ്. ആ അവ്യക്തത പരിഹരിക്കുന്നതിനും ആദിവാസി സമൂഹങ്ങൾക്കും വനങ്ങൾക്കും നീതി ലഭ്യമാക്കുന്നതിനുമായി എങ്ങനെയെല്ലാം യോജിച്ച് പ്രവർത്തിക്കാം എന്ന സാധ്യതകൾ അന്വേഷിക്കുകയാണ് ഈ സംവാദത്തിന്റെ മുഖ്യലക്ഷ്യം. മറ്റൊരു സാഹചര്യം കൂടിയുണ്ട്. മുത്തങ്ങ സംഭവത്തിന് ശേഷം കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർക്കിടയിലും ആദിവാസി പ്രവർത്തകർക്കിടയിലും ഒരു ഭിന്നിപ്പ് രൂപപ്പെടുകയും ഒരുമിച്ചിരുന്ന് സംസാരിക്കുന്നതിനുള്ള സാധ്യതകൾ മുറിഞ്ഞുപോവുകയും ചെയ്തിരുന്നു. ഒരു സന്ധി സംഭാഷണത്തിനുള്ള ശ്രമമല്ലെങ്കിലും നിരവധി കാര്യങ്ങളിൽ യോജിപ്പിലെത്തേണ്ടതായ പരിസ്ഥിതി – ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകൾക്ക് വനാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഒരുമിച്ച് സംസാരിക്കുന്നതിനുള്ള ഒരു അവസരമൊരുക്കുകയാണ് സംവാദം ഉദ്ദേശിക്കുന്നത്. പശ്ചിമഘട്ടം വളരെയേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലം കൂടിയാണിത്. പശ്ചിമഘട്ടത്തിലെ വനങ്ങളുടെയും വനാശ്രിതരുടെയും നിലനിൽപ്പിന് നേരെ

# വനസംരക്ഷണാധികാരവും വനഭരണവും

ഭീഷണി തുടരുന്ന ഈ കാലത്ത് അത്തരമൊരു ഒത്തുചേരലിന് കൂടുതൽ പ്രാധാന്യമുണ്ടെന്ന് ഞങ്ങൾ കരുതുന്നു.

വിഭവങ്ങളുടെ മേലുള്ള തദ്ദേശീയ ജനങ്ങളുടെ അധികാരത്തെക്കുറിച്ചുകൂടി ചർച്ച നടക്കുന്ന കാലമാണിന്ന്. പങ്കാളിത്ത വനപരിപാലന പരിപാടി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിലൂടെ വിഭവാധികാരത്തിന്റെ കാര്യത്തിൽ നാം ഏറെ മുന്നേറിയിട്ടുണ്ട്. അതിലും വിപ്ലവാത്മകമായ മാറ്റം അധികാര ഘടനയിൽ കൊണ്ടുവരുമായിരുന്നിട്ടും വനാവകാശ നിയമം വേണ്ടത്ര ചർച്ചയാകുന്നില്ല. ഈ വസ്തുതകൾ കൂടി പരിഗണിച്ചുകൊണ്ട് ചർച്ച മുന്നോട്ടു പോകട്ടെ.

**സി.ആർ. ബിജോയ്** : വനാവകാശ നിയമത്തെ ആദരിക്കുന്നവരും എതിർക്കുന്നവരും അവകാശങ്ങൾ എന്നതിൽ ഊന്നിനിന്നാണ് സംസാരിക്കുന്നത്. ഞാൻ അവകാശങ്ങളിലേക്ക് കടക്കുന്നില്ല. വനാവകാശത്തിനും വനസംരക്ഷണത്തിനും ഊന്നൽ നൽകുന്ന നിയമമാണ് വനാവകാശ നിയമം. ഇന്ത്യയിലുള്ള പല നിയമങ്ങളും കൊളോണിയൽ കാലത്ത് കൊളോണിയൽ ഭരണാധികാരികളുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. ആ നിയമങ്ങൾ ഇന്നും അതുപോലെ തുടരുന്നു. ഈ ചരിത്രത്തെ മാറ്റിമറിക്കുന്നതിനുള്ള നീക്കങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി നടക്കുന്നുണ്ട്. 73,74 ഭരണഘടനാ ഭേദഗതിയാണ് അതിൽ പ്രധാനം. ജനാധിപത്യ രാഷ്ട്രീയത്തിൽ വലിയ മാറ്റമുണ്ടാക്കിയ നീക്കമാണത്. അതിന്റെ തുടർച്ചയായാണ് 1996ൽ പെസ ആക്ട് (The Panchayat (Extension to Scheduled Areas) Act), വരുന്നത്. ജനങ്ങൾക്ക് അധികാരം നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ നിയമമാണത്. പെസയുടെ അടിസ്ഥാന ഘടകങ്ങളാണ് വനാവകാശ നിയമത്തിലുമുള്ളത്. വനഭരണത്തിനായി പുതിയ ഒരു institutional structure നിർമ്മിക്കുന്നു എന്നതാണ് വനാവകാശ നിയമത്തിന്റെ പ്രധാന പ്രത്യേകത. ഗ്രാമസഭ, ഗ്രാമസഭകൾ രൂപീകരിക്കുന്ന വനാവകാശ കമ്മിറ്റി, സബ്ഡിവിഷണൽ ലെവൽ കമ്മിറ്റി, ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റി, സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി എന്നതാണ് അതിന്റെ ഘടന. ഒരു പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്തി മുകളിൽ നിന്നും താഴേക്ക് അടിച്ചേൽപ്പിക്കുക എന്ന കൊളോണിയൽ ഘടന മാറി, അതാത് പ്രദേശങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള ഘടന കണ്ടെത്തുക എന്നതിന് തുടക്കമിടുകയാണ് വനാവകാശ നിയമം. പരിഹാരമല്ല പ്രധാനം, അതാത് മേഖലകളുടെ അവസ്ഥകൾ കണക്കിലെടുത്ത് പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു institutional mechanism ഉണ്ടാക്കുക എന്ന ആശയമാണ് വനാവകാശ നിയമം മുന്നോട്ട് വയ്ക്കുന്നത്. ഗോദവർമ്മൻ തിരുമുൽപ്പാട് കേസിൽ 2004 ജൂലായിൽ കേന്ദ്രേ വനംപരിസ്ഥിതി മന്ത്രാലയം സുപ്രീകോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലം എല്ലാ വനംവകുപ്പ് ഉദ്യോഗസ്ഥരും വായിച്ചിരിക്കേണ്ടതാണ്. ചരിത്രപരമായ അനീതി (historical injustice) വനാവകാശ നിയമത്തിന്റെ ആമുഖത്തിൽ പറയുന്ന വാക്ക് ആ സത്യവാങ്മൂലത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്. ഇന്ത്യൻ വനനിയമം ഉൾപ്പെടെയുള്ള പല നിയമങ്ങളും എല്ലാ സംസ്ഥാനങ്ങളിലും പരാജയപ്പെട്ടിരിക്കുന്നു എന്നും പുതിയ പരിഹാരങ്ങൾ തേടേണ്ടതുണ്ടെന്നും ആ സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്. വനാവകാശ നിയമത്തിന്റെ പിന്നിൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം തന്നെയാണ് എന്ന് പറയാനായാണ് ഇത് പറഞ്ഞത്. പലരും ധരിച്ചിട്ടുള്ളതുപോലെ ആദിവാസി-മനുഷ്യാവകാശ പ്രവർത്തകരല്ല വനാവകാശ നിയമം നിർമ്മിച്ചത്.

വനാവകാശ നിയമപ്രകാരം ആരെങ്കിലും അവകാശം ഉന്നയിക്കുകയാണെങ്കിൽ അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തേണ്ടത് വനാവകാശ കമ്മിറ്റിയാണ്. വനാവകാശ കമ്മിറ്റി അന്വേഷണം നടത്തുമ്പോൾ വനംവകുപ്പിനും റവന്യൂവകുപ്പിനും നോട്ടീസ് അയയ്ക്കണം. അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്ന ദിവസം അറിയിക്കണം. അന്വേഷണം നടത്തുന്ന ദിവസം വനംവകുപ്പും റവന്യൂവകുപ്പും എത്തിയില്ലെങ്കിൽ അവർ Ex parte ആയി കണക്കാക്കി തീരുമാനമെടുക്കും, മാത്രമല്ല പിന്നീട് സബ്ഡിവിഷണൽ, ഡിസ്ട്രക്റ്റ് ലെവൽ കമ്മിറ്റികളിൽ ഈ വകുപ്പുകളുടെ അഭിപ്രായം പരിഗണിക്കുകയുമില്ല.

കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സസ് (CFR) ന് മേലുള്ള അവകാശത്തെക്കുറിച്ച് വനാവകാശ നിയമം പറയുന്നുണ്ട്. ഓരോ ഊരിനും പരമ്പരാഗതമായി അവർ നിർണ്ണയിച്ചിരിക്കുന്ന ഒരു അതിർത്തിയുണ്ടാകും. ആ അതിർത്തിക്കുള്ളിലെ വിഭവങ്ങളുടെ മേൽ ഊരിന് ഉള്ള അവകാശമാണ് കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് റൈറ്റിൽ വരുന്നത്. CFR നെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയുള്ള കാര്യങ്ങൾ പറയുന്ന ഒരു പ്രത്യേക സെക്ഷൻ വനാവകാശനിയമത്തിൽ ഉണ്ട്. സെക്ഷൻ 5. CFR പ്രകാരവും കമ്മ്യൂണിറ്റി റൈറ്റ്സ് പ്രകാരവുമുള്ള പ്രദേശത്തിന്റെ സംരക്ഷണത്തിന്റെ ചുമതല ഗ്രാമസഭ എന്ന പുതിയ അധികാരിക്ക് നൽകിക്കൊണ്ട് വനംവകുപ്പ് അധികാരം കൈമാറണമെന്നാണ് വനാവകാശ നിയമം പറയുന്നത്. ആ പ്രദേശത്തിന്റെ സംരക്ഷണത്തിനായി ഗ്രാമസഭ ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നും നിയമത്തിൽ പറയുന്നുണ്ട്.

വനാവകാശ നിയമത്തിൽ പറയുന്ന മറ്റൊരു പ്രധാന കാര്യമാണ് സെക്ഷൻ 4(2)ൽ പറയുന്ന Critical Wildlife Habitat. ആദിവാസി സമൂഹങ്ങളെ സംബന്ധിച്ച് വനം സംരക്ഷിക്കണം എന്ന താത്പര്യം നിലനിൽക്കുമ്പോൾ തന്നെ വനമേഖല വികസന പ്രവർത്തനങ്ങൾക്കായി മാറ്റപ്പെടുന്നു എന്ന പ്രശ്നം മുഖ്യമായി തുടരുന്നുണ്ട്. ദേശീയോദ്യാനങ്ങളോ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളോ ആയി പ്രഖ്യാപിച്ചാൽ പോലും വനം വനേതര പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്ന സാഹചര്യം ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. വനാവകാശ നിയമപ്രകാരം ഒരു പ്രദേശം Critical Wildlife Habitat ആയി പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ ആ പ്രദേശം പിന്നീട് വനമല്ലാതെയാക്കി മാറ്റാൻ കഴിയില്ല. വന്യജീവി സംരക്ഷണ നിയമത്തിൽ, സെക്ഷൻ 38(5)ൽ Critical Tiger Habitats നെക്കുറിച്ച് പറയുന്നുണ്ട്. പക്ഷെ Critical Tiger Habitats വനേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ Critical Wildlife Habitat വനമല്ലാതെയാക്കി




കെ.എഫ്.ആർ.ഐയിൽ നടന്ന സംവാദം

മാറ്റാൻ കഴിയില്ല വനാവകാശ നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്. എന്നാൽ കേന്ദ്ര വനം മന്ത്രാലയം അതിനുള്ള ഗൈഡ്‌ലൈൻസ് ഇതുവരെ തയ്യാറാക്കിയിട്ടില്ല. പരിസ്ഥിതി പ്രവർത്തകർ അതിനെക്കുറിച്ച് മൗനം പാലിക്കുകയാണ്. ജനങ്ങൾ ജീവിക്കാൻ പാടില്ലാത്ത ഒരു പ്രദേശമുണ്ടോ എന്ന് തീരുമാനിക്കേണ്ടത് അവിടെയുള്ള ജനങ്ങൾ തന്നെയാണ്, വന്യമൃഗങ്ങളല്ല. വന്യമൃഗങ്ങളുടെ കൂടെ കഴിയാൻ സാധിക്കുന്നില്ല എന്ന് അവർ തീരുമാനിക്കുകയാണെങ്കിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള വ്യവസ്ഥയും Critical Wildlife Habitat എന്ന സെക്ഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യനും വന്യജീവികൾക്കും സഹവർത്തിത്വം (co-existence) സാധ്യമല്ല എന്നുവരുമ്പോഴാണ് ഇത് ചെയ്യേണ്ടത്. സുരക്ഷിതമായ ജീവിത സൗകര്യങ്ങൾ ഉറപ്പാക്കിയ ശേഷം (secure livelihood) മാത്രമെ അവരെ അവിടെ നിന്നും മാറ്റാൻ പാടുള്ളൂ എന്നാണ് നിയമത്തിൽ പറയുന്നത്. വന്യജീവിസംരക്ഷണ നിയമത്തിൽ അങ്ങനെ പറയുന്നില്ല. Coexistence നെ സംബന്ധിച്ച് പല തെറ്റിധാരണകളും ഇന്ന് നിലനിൽക്കുന്നുണ്ട്.

വനാവകാശ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കണക്കിലെടുത്ത് 2009 ജൂലായ് 30ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഒരു ഉത്തരവിറക്കി. അതുപ്രകാരം ഏതെങ്കിലും ഒരു മേഖല വനേതര ആവശ്യങ്ങൾക്കായി മാറ്റുന്നതിനുള്ള അഭ്യർത്ഥനയിൽ നാല് കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് പറയുന്നുണ്ട്. 1. ആ പ്രദേശത്ത് വനാവകാശ നിയമം നടപ്പിലാക്കി എന്ന സർക്കാർ സാക്ഷ്യപ്പെടുത്തണം. 2. വനാവകാശ നിയമം നടപ്പിലാക്കി എന്നതിന് തെളിവ് നൽകണം. 3. ആ വനമേഖലയിലുള്ള ഊരുക്കൂട്ടങ്ങൾ വനാവകാശ നിയമം നടപ്പിലാക്കി എന്ന് സാക്ഷ്യപ്പെടുത്തണം. 4. ആ പദ്ധതിക്കായി വനഭൂമി വിട്ടുകൊടുക്കുന്നതിൽ തടസ്സമില്ല എന്ന ഗ്രാമസഭകളുടെ തീരുമാനം കാണിക്കണം. ഇത്രയും കാര്യങ്ങൾ ഉൾപ്പെടുത്തി മാത്രമെ സർക്കാറുകൾക്ക് അഭ്യർത്ഥന അയയ്ക്കാൻ കഴിയൂ. നിർണ്ണായകമായ ഈ ഉത്തരവ് കൊണ്ടുവരുന്നതിന് പിന്നിൽ പ്രവർത്തിച്ചത് ആദിവാസി സംഘടനകളാണെന്ന് ഓർക്കണം. എന്നാൽ പല കേസുകളിലും അനുമതി നൽകുമ്പോൾ വനാവകാശ നിയമം ഇപ്പോഴും പരിഗണിക്കപ്പെടാറില്ല.

ചുരുക്കത്തിൽ, വനാവകാശം നിയമം കേവലം അവകാശത്തിന്റെ മാത്രം പ്രശ്നമല്ല എന്ന് പറയാം. വനഭരണത്തെ ഒരു ജനാധിപത്യ ഭരണത്തിലേക്ക് മാറ്റുന്നു എന്നതാണ് അതിന്റെ പ്രാധാന്യം. ഭരണകൂടത്തിനും ജനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന സംഘർഷങ്ങൾക്ക് കാരണമായ ഭരണസമ്പ്രദായത്തെ ജനാധിപത്യവത്കരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയാണ് അത് ചെയ്യുന്നത്.

നിയമത്തിന്റെ രൂപരേഖ തയ്യാറാക്കുന്ന സമയത്ത് തന്നെ, ആഗോളതലത്തിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി പ്രവർത്തകരുടെ ഒരു വരേണ്യവിഭാഗം, പ്രത്യേകിച്ച് കടുവാ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചിലർ വനാവകാശ നിയമത്തെ എതിർത്തു. വനത്തിന് ഈ

നിയമം ആപത്താണ് എന്ന സന്ദേശമാണ് ആ എതിർപ്പുകളിലൂടെ പുറത്ത് വന്നത്. എന്നാൽ മറ്റ് ചില പരിസ്ഥിതി ഗ്രൂപ്പുകൾ അന്തർദേശീയ തലത്തിലെ പരിസ്ഥിതി നിയമങ്ങളുടെ നിലവാരവുമായി താരതമ്യം ചെയ്ത ശേഷം വനാവകാശ നിയമം മികച്ച നിയമമാണെന്ന് കാണിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുകയും ഇന്ത്യയിലെ എല്ലാം എം.പിമാർക്കും അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ആദിവാസി കാര്യമന്ത്രാലയവും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയവും തമ്മിൽ വനാവകാശ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഇപ്പോഴും യോജിപ്പിലെത്താത്ത കാര്യങ്ങളുണ്ട്. വ്യാവസായിക ലോബികളുടെ പിടിയിലാണ് വനം പരിസ്ഥിതി മന്ത്രാലയം എന്നതാണ് ഒരു പ്രധാന പ്രശ്നം.

> Coexistence എന്നത് സാധ്യമാണോ? നമ്മൾ ഇരിക്കുന്ന പീച്ചി എന്ന സ്ഥലം തന്നെ ഉദാഹരണമായെടുക്കാം മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ഇവിടെ അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിൽ സംഘർഷം രൂക്ഷമാകുന്നതായി പത്രവാർത്തകളുണ്ട്. Coexistence എന്ന് വനാവകാശ നിയമത്തിൽ പറയുന്നത് ഒരു സങ്കൽപ്പം മാത്രമാണെന്നല്ലേ ഇതെല്ലാം സൂചിപ്പിക്കുന്നത്?

പരിസ്ഥിതി പ്രശ്നങ്ങളും ജനങ്ങളുടെ അവകാശങ്ങളും ഒരുപോലെ പ്രധാനങ്ങളായ കാര്യങ്ങളാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുന്ന തരത്തിലുള്ള ഭരണസംവിധാനം ഏതാണ് എന്നതാണ് പ്രധാനം. പ്രശ്നപരിഹാരമല്ല, പരിഹാരത്തെക്കുറിച്ച് ചിന്തിക്കുന്നതിനായി അതാത് പ്രദേശങ്ങളിൽ വേരൂന്നിയുള്ള സമൂഹങ്ങളുടെ സംവിധാനങ്ങൾ എങ്ങനെ നിർമ്മിക്കാം എന്നതാണ് പ്രധാനം.

**എം.ഐ. വർഗീസ്**: വനം നിലനിൽക്കുന്നതിനായി വന്യജീവികൾ വേണം. വന്യജീവികൾ എവിടെ വേണമെന്ന് ജനങ്ങളാണ് തീരുമാനിക്കേണ്ടതെന്നാണ് താങ്കൾ പറയുന്നത്. അപ്പോൾ വന്യജീവികൾക്ക് എവിടെയും സ്ഥലം വേണ്ടെന്നാണോ പറയുന്നത്? Coexistence എന്നത് സാധ്യമാണോ? നമ്മൾ ഇരിക്കുന്ന പീച്ചി എന്ന സ്ഥലം തന്നെ ഉദാഹരണമായെടുക്കാം മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ഇവിടെ അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിൽ സംഘർഷം രൂക്ഷമാകുന്നതായി പത്രവാർത്തകളുണ്ട്. Coexistence എന്ന് വനാവകാശ നിയമത്തിൽ പറയുന്നത് ഒരു സങ്കൽപ്പം മാത്രമാണെന്നല്ലേ ഇതെല്ലാം സൂചിപ്പിക്കുന്നത്. വിഭവസംരക്ഷണത്തിന് ഗ്രാമസഭകൾ സുസജ്ജമാണോ? അല്ലെങ്കിൽ ഗ്രാമസഭകൾ ആ രീതിയിൽ ശക്തമാകുന്നതുവരെ വനംവകുപ്പിന്റെ ഇടപെടൽ അവിടെ തുടരണമെന്നു തന്നെയാണ് എനിക്ക് തോന്നുന്നത്.

**സി.ആർ. ബിജോയ്** : കൺസർവേഷൻ സയൻസ് അനുസരിച്ച് വന്യത എന്ന സങ്കൽപ്പം തന്നെ നിലനിൽക്കുന്നതല്ല. മനുഷ്യൻ കടന്നുചെന്നിട്ടില്ലാത്ത ഇടങ്ങൾ ഇല്ല എന്ന് പറയുന്നത് ഇല്ല. അങ്ങനെ പറയപ്പെടുന്ന ആമസോൺ കാടുകളിൽ നിന്നുപോലും പുരാതന നഗരങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വന്യത എന്ന സങ്കൽപ്പത്തിന്റെ തുടക്കം അമേരിക്കയിലെ യോഷ്മൈറ്റ് നാഷണൽ പാർക്കും യെല്ലോസ്റ്റോൺ നാഷണൽ പാർക്കും രൂപീകരിക്കപ്പെടുന്ന കൊളോണിയൽ കാലത്തിലാണ്. റെഡ് ഇന്ത്യൻസിനെ ഉന്മൂലനം ചെയ്തുകൊണ്ട് വന്യമാക്കിമാറ്റുകയാണ് അവിടെ സംഭവിച്ചത്. മനുഷ്യനും വന്യജീവികളും coexist ചെയ്യാതെ നമുക്ക് മറ്റ് ബദലുകളില്ല. Coexistence എങ്ങനെയാകണം എന്നതാണ് പ്രധാനം. ഭരത്പൂർ പക്ഷിസങ്കേതത്തിന്റെ ചരിത്രം പരിശോധിച്ചാൽ coexistence ഇല്ലാത്തതുകൊണ്ടാണ് പക്ഷിസങ്കേതം നശിച്ചുപോയത് എന്ന് കാണാൻ കഴിയും. പാരിസ്ഥിതികമായ ഓരോ പ്രത്യേകതകൾക്കനുസരിച്ച് coexistence ന്റെ രീതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഓരോ പ്രദേശത്തും ജനങ്ങൾ ചെയ്ത തെറ്റുകളുടെ അടിസ്ഥാനത്തിൽ വേണ്ടതും വേണ്ടാത്തതും എന്താണെന്ന് ഉരുത്തിരിഞ്ഞുവരണം. ചില സ്ഥലങ്ങളിൽ പുലിയുടെ കൂടെ coexistence സാധ്യമാകും. ചിലയിടത്ത് coexistence ഉണ്ടെങ്കിലേ പുലിയും നിലനിൽക്കൂ. അത്തരം സ്ഥലങ്ങളും ഇന്ത്യയിലുണ്ട്. മാനദണ്ഡം മുൻകൂട്ടി നിശ്ചയിച്ച് പ്രയോഗിക്കാൻ കഴിയുന്നതല്ല അത്.

പിന്നെ വിഭവപരിപാലനത്തിന്റെ പ്രശ്നം. നമ്മൾ അവലംബിച്ച ആധുനിക വിഭവപരിപാലന മാർഗ്ഗങ്ങളെല്ലാം പരാജയമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ആഗോളതാപനത്തെക്കുറിച്ച് ഇത്രയേറെ ചർച്ച ചെയ്യേണ്ടി വരില്ലായിരുന്നു. ആധുനിക വിഭവപരിപാലന സമ്പ്രദായത്തിന്റെ പിന്നിലുള്ള ശാസ്ത്രം സാമ്പത്തിക ശാസ്ത്രം മാത്രമാണ്. അതും ഹ്രസ്വകാല സാമ്പത്തിക ശാസ്ത്രം. മറ്റൊരു പ്രശ്നം അത് സർക്കാറിനെയും ജനങ്ങളെയും രണ്ടായിക്കാണുന്ന എന്നതാണ്. വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭയാണ് സർക്കാർ.അതോടെ ഗ്രാമസഭ വനംവകുപ്പിന്റെ ഒരു പങ്കാളിയായി മാറുകയാണ്. വനംവകുപ്പിനെ മാറ്റി നിർത്തുന്നില്ല. പ്രധാന റോൾ ഗ്രാമസഭയ്ക്കാണെന്ന് മാത്രം. 1988ലെ വനനയം പരിശോധിച്ചാൽ, പങ്കാളിത്ത വനപരിപാ

> വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭയാണ് സർക്കാർ.അതോടെ ഗ്രാമസഭ വനംവകുപ്പിന്റെ ഒരു പങ്കാളിയായി മാറുകയാണ്. വനംവകുപ്പിനെ മാറ്റി നിർത്തുന്നില്ല. പ്രധാന റോൾ ഗ്രാമസഭയ്ക്കാണെന്ന് മാത്രം. 1988ലെ വനനയം പരിശോധിച്ചാൽ, പങ്കാളിത്ത വനപരിപാലനമെല്ലാം ഇതേ സംഗതി തന്നെയാണ് പറയുന്നതെന്ന് കാണാം.

ലനമെല്ലാം ഇതേ സംഗതി തന്നെയാണ് പറയുന്നതെന്ന് കാണാം. വനംവകുപ്പിന് റോളില്ല എന്നു പറയുന്നത് ശരിയല്ല. വനാവകാശ നിയമപ്രകാരം വനസംരക്ഷണത്തിന് കോട്ടം സംഭവിച്ചു എന്ന് പരാതി വന്നാൽ പരിഗണിക്കുന്ന സബ്ഡിവിഷണൽ കമ്മിറ്റിയിലും ഡിസ്ട്രക്റ്റ് ലെവൽ കമ്മിറ്റിയിലും വനം വകുപ്പുമുണ്ട്. അധികാരം തന്നെയാണ് വനംവകുപ്പിന്റെ പ്രശ്നം. ഇന്ത്യയിൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് റൈറ്റ്സ് ആദ്യമായി അംഗീകരിച്ചത് മഹാരാഷ്ട്രയിലെ ഗഡ്ചിറോളി മേഖലയിലുള്ള മേൻഢ-ലേഖയിലാണ്. അവിടെ 1000ൽ അധികം ഹെക്ടറിലാണ് അവകാശം കിട്ടിയത്. അതനുസരിച്ച് അടുത്ത സീസണിൽ ആദിവാസികൾ മുളയുടെ വിളവെടുപ്പ് നടത്തിയപ്പോൾ വനംവകുപ്പ് കേസെടുത്തു.

നോക്കൂ, ഫ്യൂഡൽ സമൂഹത്തിൽ നിന്നും ആധുനിക സമൂഹത്തിലേക്ക് മാറുന്ന സമയത്ത്, ജനാധിപത്യവത്കരണം യാഥാർത്ഥ്യമാകുന്ന സമയത്തുണ്ടാകുന്ന ഇത്തരം സംഘർഷങ്ങൾ ഡീകൊളോണിയലൈസേഷന്റെയും ജനാധിപത്യവത്കരണത്തിന്റെ ഭാഗമായുണ്ടാകുന്നതാണ്. അത് അംഗീകരിക്കണം.

**എം.ഐ. വർഗീസ്:** ഗോദവർമ്മൻ തിരുമുൽപ്പാട് കേസിലെ സുപ്രീംകോടതിയുടെ ഇടപെടൽ വരുന്നതിന് മുമ്പ്‌വരെ വനസംരക്ഷണത്തിന്റെ കാര്യത്തിൽ കുത്തഴിഞ്ഞ രീതികളാണ് ഇന്ത്യയിലുണ്ടായിരുന്നത്. അത് ആവർത്തിക്കാതിരിക്കാനുള്ള inbuilt mechanism വനാവകാശ നിയമത്തിൽ കാണുന്നില്ല.

**സി.ആർ. ബിജോയ്:** ഇന്ത്യയുടെ വനവിസ്തൃതിയുടെ ഭൂപടം പരിശോധിച്ചാൽ വനംവകുപ്പ് ദുർബലമായ പ്രദേശങ്ങളിലാണ് കാട് കൂടുതലുള്ളതെന്ന് കാണാൻ കഴിയും. വനംവകുപ്പിന്റെ അപര്യാപ്തതയാണ് വെളിവാകുന്നത്. വനം മാനേജ്ചെയ്യാൻ ജനങ്ങൾക്ക് അതിലും നന്നായി കഴിയുന്നുണ്ടെന്ന് നാഗാലാന്റിലെ കൊണോമയിലെ ജനങ്ങൾ തന്നെ പ്രഖ്യാപിച്ച് അവരുടെ മുൻകൈയിൽ പ്രവർത്തിക്കുന്ന നാഷണൽ പാർക്ക് തെളിയിക്കുന്നുണ്ട്. ഞങ്ങളാണോ അവരാണോ സംരക്ഷിക്കേണ്ടത് എന്നതാകരുത് വനംവകുപ്പിന്റെ പ്രശ്നം. അധികാരം കുറയുന്നു എന്നാണ് വനംവകുപ്പ് കരുതുന്നത്. എന്നാൽ അധികാരം കുറച്ചുകൂടി പ്രധാനപ്പെട്ട ഒരിടത്തേക്ക് മാറ്റപ്പെടുന്നു എന്നതാണ് സംഭവിക്കുന്നത്. കൂപ്പ് നടത്തിയിരുന്നവർ വനസംരക്ഷണത്തിലേക്ക് മാറാൻ കാലമെടുത്തതുപോലെ പതിയെ ആ റോളിലേക്കും എത്തേണ്ടതുണ്ട്.

**കെ. രാജൻ** : പങ്കാളിത്ത ജനാധിപത്യം എന്നതിനെ വനാവകാശ നിയമം എങ്ങനെയാണ് കാണുന്നത്? നിലവിലുള്ള അധികാര വികേന്ദ്രീകരണം ജനങ്ങളെ നടന്മാരായി പരിഗണിക്കുന്നുണ്ട്. എന്നാൽ അവർ തന്നെ തിരക്കഥ രചിക്കുന്നവരും സംവിധായകരുമാകുമ്പോഴാണ് അത് പൂർണ്ണമാകുന്നത്.

**സി.ആർ. ബിജോയ്** : ശരിയായ അർത്ഥത്തിൽ സാമൂഹിക പങ്കാളിത്തമുണ്ടാകണമെങ്കിൽ സ്ഥിതിസമത്വം ആവശ്യമാണ്. സ്ഥിതിസമത്വം ഉള്ളിടത്തേ പങ്കാളിത്തം ജനാധിപത്യം പൂർണ്ണമാകൂ. നിലവിലെ അവസ്ഥ അങ്ങനെയല്ല. സമത്വം നിലനിൽക്കുന്ന സമൂഹമല്ല നമ്മുടേത്. എന്നാൽ സമത്വമുണ്ടാകുന്നതിന് നിലവിലുള്ള പങ്കാളിത്ത ജനാധിപത്യത്തെ ശക്തിപ്പെടുത്തുക മാത്രമാണ് വഴി. ഒരു വശത്ത് ജനങ്ങൾ പങ്കാളിത്തത്തിന് വേണ്ടിയുള്ള സമരങ്ങൾ നടത്തുന്നതുകൊണ്ട് നിലവിലുള്ള അധികാരവർഗ്ഗങ്ങൾ അവർ പറയുന്ന പങ്കാളിത്തം എന്ന ആശയത്തിന് ഒരു ചെറിയ ഇടം നൽകും. രാഷ്ട്രീയമായി ചിന്തിക്കുന്ന സമൂഹം ആ ഇടം എങ്ങനെ വിപുലീകരിക്കാം എന്നാണ് ചിന്തിക്കേണ്ടത്. ഭരണകൂടം ആ ഇടം വിപുലീകരിക്കപ്പെടാതിരിക്കാൻ പരമാധി ശ്രമിക്കും. അവകാശം ആരും കൊടുത്തിട്ടില്ല, എടുത്തിട്ടേയുള്ളൂ. അതുപോലെ പങ്കാളിത്ത ജനാധിപത്യം ജനങ്ങൾ തന്നെ എടുക്കുന്ന രാഷ്ട്രീയ ഉപകരണമായി വനാവകാശ നിയമത്തെ കരുതണം. വനാവകാശ നിയമം വനത്തിനെയോ ജനങ്ങളേയോ സംരക്ഷിക്കുന്നില്ലായിരക്കാം. എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നതിനനുസരിച്ചാണ് അതിന്റെ ഫലം. വനാവകാശ നിയമത്തെ ഒരു രാഷ്ട്രീയ ഉപകരണമായി നിങ്ങൾ ഉപയോഗിക്കുമ്പോൾ ആ രാഷ്ട്രീയ പ്രവർത്തനത്തിന് ഒരു നിയമസാധുത കൂടി കൈവരുന്നു. ഓരോ പ്രദേശത്തുമുള്ള ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയ്ക്കനുസരിച്ചാണ് ഒരു നിയമം ക്രിയാത്മകമായി ഉപയോഗിക്കപ്പെടുന്നത്.

**എം. അമൃത്** : വരേണ്യപരിസ്ഥിതി പ്രവർത്തകർ വനാവകാശ നിയമത്തിനോട് കാണിച്ച എതിർപ്പിനെക്കുറിച്ച് ബിജോയ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യർ പാടില്ല എന്ന തരത്തിലുള്ള വനസംരക്ഷണ പ്രവർത്തനത്തിന്റെ രീതി മാറണം എന്നും പറഞ്ഞു. ഭരത്പൂർ പക്ഷിസങ്കേതത്തിന്റെ ഉദാഹരണം സൂചിപ്പിക്കുകയുമുണ്ടായി. Conservation science ന്റെ സങ്കൽപ്പങ്ങളിൽ പ്രശ്നമുണ്ടെന്ന് ഞാൻ പറയുന്നില്ല. എന്നാലും നിലവിലെ conservation രീതികൾക്ക് അതിന്റേതായ ചില പ്രാധാന്യങ്ങളുണ്ട്. വനാശ്രിതരും അല്ലാത്തതുമായ സമൂഹങ്ങൾക്ക്, ജീവസന്ധാരണത്തിനും നിലനിൽപ്പിനും ആവശ്യമായ ഒരുപാട് പാരിസ്ഥിതിക സേവനങ്ങൾ വനങ്ങൾ ചെയ്യുന്നുണ്ട്. അതിനെ അവഗണിക്കാൻ നമുക്ക് കഴിയില്ല. ആദിവാസികൾ മാറിക്കൊണ്ടിരിക്കുന്നു എന്നുള്ള കാര്യവും നമ്മൾ സൗകര്യപൂർവ്വം മറന്നുകളയുന്നു. അട്ടപ്പാടിയിലെ 80 ശതമാനം കുട്ടികളും ഊരുകളിൽ നിന്നും പുറത്ത് പോയി ഹോസ്റ്റലിൽ നിന്ന് പഠിക്കുകയും ഊരുകളിലേക്ക് തിരികെ വരുമ്പോഴേക്കും പാരമ്പര്യം തന്നെ നഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. സുസ്ഥിരമെന്ന് നമ്മൾ പറയുന്ന സംസ്കാരത്തിലല്ല ഇന്ന് അവർ ഉള്ളത്. പ്രവചനാത്മക സാധ്യമാകുന്നത് വ്യവസ്ഥ നിലനിൽക്കുമ്പോൾ മാത്രമാണ്. ആദിവാസി സമൂഹത്തിൽ ഇങ്ങനെയെല്ലാം ഇടപെടാം എന്ന് നമ്മൾ മുൻകൂട്ടി തീരുമാനിക്കാൻ കഴിയുന്നത് ഒരു പൊതുവ്യവസ്ഥ നിലനിൽക്കുമ്പോൾ മാത്രമാണ്. പാരമ്പര്യം എന്ന് നമ്മൾ പറയുന്ന വ്യവസ്ഥ ഇന്ന് ആദിവാസികൾക്കിടയിൽ നിലനിൽക്കുന്നില്ല. അത്തരം കുഴഞ്ഞുമറിഞ്ഞ സാഹചര്യം വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലേ? ആദിവാസികളെക്കുറിച്ച് ആലോചിക്കുമ്പോൾ സമയത്തിൽ എവിടെയോ

അവരെ ജഡീകരിച്ചുകൊണ്ടാണ് നാം ആലോചിക്കുന്നത്. കേരളത്തിൽ അവർക്കുണ്ടാകുന്ന മാറ്റത്തിന്റെ വേഗത വളരെ കൂടുതലാണ്.

**സി.ആർ. ബിജോയ്** : ആദിവാസികൾ എന്ന് നമ്മൾ പറയുന്ന ശുദ്ധസാങ്കൽപ്പികത ആദിവാസികൾ കൊണ്ടുവന്ന ആശയമല്ല. ഒരു ന്യൂന പക്ഷ മധ്യവർഗ്ഗത്തിന്റെ കാഴ്ച്ചപ്പാടാണത്. ശരിക്കും ആദിവാസി ആ സങ്കൽപ്പത്തിലല്ല ഉള്ളത്. ഞാനും മധ്യവർഗ്ഗത്തിന്റ പ്രതിനിധിയാണെന്ന കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ പറയട്ടെ, ഇക്കാര്യത്തിൽ ഞാൻ ഒരു തീരുമാനമെടുക്കുന്നത് ആദിവാസികളെക്കുറിച്ചുള്ള എന്റെ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിലല്ല, അവരുടെ തോന്നലിന്റെ അടിസ്ഥാനത്തിലാണ്. ആദിവാസി സമൂഹങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ് എന്ന് ഞാനും സമ്മതിക്കുന്നു. ലോകത്തെവിടെയെങ്കിലും ശുദ്ധമായ ഒരു പാരിസ്ഥിതിക സമൂഹം നിലനിൽക്കുന്നുണ്ടോ? നഗരത്തിൽ വസിക്കുന്ന സമൂഹത്തെയും കാട്ടിനുള്ളിൽ വസിക്കുന്ന സമൂഹത്തെയും സാദൃശ്യപ്പെടുത്തിയാൽ ആരാണ് കൂടുതൽ പാരിസ്ഥിതികമായ ജീവിതരീതി തുടരുന്ന സമൂഹം? വിനാശകരമല്ലാത്ത വിഭവങ്ങളുടെ ഉപയോഗവും ക്രിയാത്മകമായ വിഭവങ്ങളുടെ ഉപയോഗവും ഊർജ്ജ ഉപഭോഗത്തിലുള്ള കുറവും കുറഞ്ഞ കാർബൺ ഫുട്പ്രിന്റും ആദിവാസി സമൂഹങ്ങൾക്കാകും ഉണ്ടാവുക. നാഗരിക സമൂഹത്തിൽ ഇതെല്ലാം വളരെ കൂടുതലായിരിക്കും. കുടുതൽ പാരിസ്ഥിതികമായ ജീവിതരീതി തുടരുന്നത് ആദിവാസികൾ തന്നെയാണ്. പുറത്ത് നിന്നുള്ള നമ്മുടെ ഇടപെടലുകളാണ് അവരെ ആ ജീവിതരീതിയിൽ നിന്നും മാറ്റുന്നത്.

**ടി.വി. സജീവ്** : വനാവകാശ നിയമം നടപ്പിലാക്കുന്നതിന് പ്രധാന കാരണങ്ങളായി ഇവിടെ വിതരണം ചെയ്ത പേപ്പറിൽ രണ്ട് കാരണങ്ങളാണ് പറയുന്നത്. 1. ചരിത്രപരമായ അനീതി തിരുത്തുക. 2. നക്സൽ ഭീഷണി കുറയ്ക്കുക. ബിജോയ് തന്നെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി, വനംവകുപ്പിന്റെ ഇടപെടൽ കുറഞ്ഞ സ്ഥലത്താണ് കാട് നന്നായി നിലനിൽക്കുന്നതെന്ന്. അത്തരം സ്ഥലങ്ങൾ മിക്കതും മാവോയിസ്റ്റ് ശക്തികേന്ദ്രങ്ങളാണ്. ഛത്തീസ്ഗഢ് പോലെയുള്ള സ്ഥലങ്ങളിൽ കാട് മാനേജ് ചെയ്യുന്നത് മാവോയിസ്റ്റുകളാണ്. വനാവകാശ നിയമം മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയം മാവോയിസ്റ്റുകൾ നിയന്ത്രിക്കുന്ന, സംരക്ഷിക്കുന്ന സ്ഥലങ്ങളിൽ ഉണ്ടോ?

**സി.ആർ. ബിജോയ്** : മാവോയിസ്റ്റുകൾക്ക് പ്രസക്തമായ റോൾ ഉണ്ട്. പക്ഷെ വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിൽ അവർക്ക് റോൾ ഇല്ല. 2002ന്റെ അവസാനത്തിലാണ് വനാവകാശ നിയമത്തെക്കുറിച്ചുള്ള ആദ്യ ചർച്ചകൾ വരുന്നത്. അതിന് പ്രധാനകാരണം 2002 മെയ് മാസത്തിലെ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവാണ്. അതുപ്രകാരം സെപ്തംബർ 30ന് ഉള്ളിൽ ഇന്ത്യയിലെ വനങ്ങളുടെ ഉള്ളിലുള്ള എല്ലാ ആദിവാസി കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ ഉത്തരവായി. മൂന്ന് ലക്ഷം ആദിവാസികൾ കുടിയിറക്കപ്പെട്ടു. മുത്തങ്ങ പോലും ആ ഉത്തരവിന്റെ പശ്ചാത്തലത്തിലാണ് കാണേണ്ടത്. മുത്തങ്ങകൾ പലതും ഇന്ത്യയുടെ പല ഭാഗങ്ങളിലുണ്ടായി. ഭരണകൂടം സമരങ്ങളെ അടിച്ചമർത്തി. നിരവധിപേർ കൊല്ലപ്പെട്ടു. അത്തരം സമരങ്ങളുടെ കോ-ഓർഡിനേഷനാണ് വനാവകാശം നിയമം എന്ന ചർച്ച മുന്നോട്ട് കൊണ്ടുവന്നത്. മാവോയിസ്റ്റുകൾ വനാവകാശ നിയമത്തെ സ്റ്റേറ്റിന്റെ നിയമമായാണ് കരുതുന്നത്. വ്യവസ്ഥാപിത രാഷ്ട്രത്തിന്റെ നിയമമായതിനാൽ അത് തങ്ങൾക്ക് വേണ്ട എന്നാണ് അവരുടെ നിലപാട്. ആദിവാസി സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അവരുടേതായ പരിഹാരങ്ങൾ കാണുന്നതിനുള്ള ഒരു രാഷ്ട്രീയ ഉപകരണമായാണ് അവർ ശരിക്കും വനാവകാശ നിയമത്തെ കാണേണ്ടിയിരുന്നത്.

**എം. ഗീതാനന്ദൻ** : പൊതുവെ ആദിവാസി സമൂഹവുമായി ബന്ധപ്പെട്ട എല്ലാ നിയമ നിർമ്മാണങ്ങളോടും വളരെ നിഷേധാത്മകമായ സമീപനം പുലർത്തുന്ന ഒരു രാഷ്ട്രീയ സമൂഹമാണ് കേരളത്തിലേത്. അത് വനാവകാശ നിയമത്തോടും പെസ ആക്ടിനോടും കേരളം കാണിച്ചിരിക്കുന്നു. വനംവകുപ്പും കേരളത്തിലെ ഒരു വിഭാഗം പരിസ്ഥിതി പ്രവർത്തകരും രാഷ്ട്രീയ സമൂഹവും ഭൂമി പതിച്ചുകൊടുക്കാനുള്ള നിയമമായാണ് വനാവകാശ നിയമത്തെ കാണുന്നത് എന്നതാണ് പൊതുവായ പോരായ്മ. സമൂഹത്തിന്റെ ജനാധിപത്യവത്കരണത്തിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന അനേകം നിയമനിർമ്മാണങ്ങളിൽ ഒന്നാ

> കാലത്തിനനുസരിച്ച് ആദിവാസി സമൂഹങ്ങൾ മാറുന്നു എന്ന പ്രശ്നം തീർച്ചയായും നിലനിൽക്കുന്നുണ്ട്. അത് ആദിവാസികളുടെ മാത്രം പ്രശ്നമല്ല. നിയോ-ഗ്ലോബൽ സാഹചര്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന എല്ലാ മാറ്റങ്ങളുടെയും വികൃതവും വൃത്തികെട്ടതുമായ ആഘാതങ്ങൾ ഏൽക്കേണ്ടിവരുന്നവർ എന്ന നിലയിലുള്ള ഒരു പരക്കം പാച്ചിലിലാണ് ആദിവാസികൾ.

> വനസംരക്ഷണത്തിൽ coexistence എന്നതിന്റെ പ്രാധാന്യം നമ്മുടെ സർക്കാറിന്റെ ആലോചനയിൽ പോലുമുള്ളതല്ല. യെല്ലോസ്റ്റോൺ നാഷണൽ പാർക്കിന്റെ മാതൃകയാണ് നമ്മൾ വനസംരക്ഷണത്തിനായി എടുത്തിട്ടുള്ളത്. വേട്ടക്കാർക്ക് സ്വസ്ഥമായി വേട്ട നടത്തുന്നതിനായി അവിടെയുള്ള അവസാനത്തെ ആദിവാസിയേയും കൊന്നിട്ട് സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച സ്ഥലമാണ് യെല്ലോസ്റ്റോൺ നാഷണൽ പാർക്ക്.

യാണ് വനാവകാശ നിയമത്തേയും പരിഗണിക്കേണ്ടത്. വനസംരക്ഷണത്തിന്റെ കാര്യം നിയമത്തിൽ പറയുന്നില്ല എന്ന പൊതുസമീപനത്തിലാണ് വനംവകുപ്പും പരിസ്ഥിതി പ്രവർത്തകരും. ആദിവാസി സമൂഹം നിയമത്തെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരുമല്ല. അതാണ് ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം. നിയമത്തിൽ വനസംരക്ഷണത്തിന്റെ പ്രശ്നം പറയുന്നുണ്ടെങ്കിലും കൂടുതൽ ഊന്നൽ നൽകി നിർവചിക്കപ്പെടേണ്ടതുണ്ടെന്നാണ് എനിക്കും തോന്നുന്നത്. സ്വകാര്യസ്വത്തവകാശം പോലെയുള്ള ഒരവകാശത്തെക്കുറിച്ചല്ല വനാവകാശ നിയമം പറയുന്നത്. വനത്തിനുള്ളിലെ അവകാശങ്ങൾ അനുഭവിക്കാം എന്ന് പറയുമ്പോൾ തന്നെ പരമ്പരാഗത സമൂഹങ്ങൾ എന്ന നിലയിൽ വനം സംരക്ഷിക്കുന്നതിനുള്ള ബാധ്യതകൂടിയാണ് വനാവകാശ നിയമം നൽകുന്നത്.

പങ്കാളിത്ത വനപരിപാലനം ഏറെക്കുറെ ഭംഗിയായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. പങ്കാളിത്ത വനപരിപാലനം വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം വനസംരക്ഷണ സമിതികൾക്കാണ് നൽകിയത്. വനാവകാശ നിയമം അടിസ്ഥാന യൂണിറ്റായി എടുത്തിരിക്കുന്നത് ഊരുക്കൂട്ടങ്ങളെയാണ്. വനസംരക്ഷണ സമിതികൾക്ക് കിട്ടുന്ന തത്തുല്യമായ പ്രാധാന്യമോ പദവിയോ ഊരുക്കൂട്ടങ്ങൾക്ക് കൊടുത്തിട്ടില്ല. വനാവകാശ നിയമപ്രകാരം വനത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട പദവികൂടി ഊരുക്കൂട്ടങ്ങൾക്കോ ഗ്രാമസഭകൾക്കോ കൽപ്പിച്ചുകൊടുക്കാനുള്ള പരിപാടികൾ കേരളത്തിൽ നടക്കുന്നില്ല. വനാവകാശ നിയമത്തിന്റെ തന്നെ ഒരു പ്രശ്നമായാണ് ഞാൻ ഇതിനെ കാണുന്നത്.

കാലത്തിനനുസരിച്ച് ആദിവാസി സമൂഹങ്ങൾ മാറുന്നു എന്ന പ്രശ്നം തീർച്ചയായും നിലനിൽക്കുന്നുണ്ട്. അത് ആദിവാസികളുടെ മാത്രം പ്രശ്നമല്ല. നിയോ-ഗ്ലോബൽ സാഹചര്യം സമൂഹത്തിൽ സൃഷ്ടിക്കുന്ന എല്ലാ മാറ്റങ്ങളുടെയും വികൃതവും വൃത്തികെട്ടതുമായ ആഘാതങ്ങൾ ഏൽക്കേണ്ടിവരുന്നവർ എന്ന നിലയിലുള്ള ഒരു പരക്കം പാച്ചിലിലാണ് ആദിവാസികൾ. ആ പരക്കം പാച്ചിലിന്റെ ഭാഗമായി ഭൂമിയിൽ നിന്നും വിഭവങ്ങളിൽ നിന്നും പിഴുതെറിയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹം എന്ന നിലയിൽ നമ്മൾ എങ്ങനെയാണ് അവരെ മനസിലാക്കേണ്ടത് എന്നതാണ് പ്രധാനം. വനത്തിലുള്ള അവരുടെ അധികാര സാധ്യതകൾ ഇല്ലാതാകുന്നതുകൊണ്ടുകൂടിയാണ് ആദിവാസികൾ അന്യവത്കരിക്കപ്പെടുന്നത്. വനോത്പന്നങ്ങളുമായി ബന്ധപ്പെട്ട വിഭവപരിപാലനത്തിൽ അവർക്ക് പങ്കാളിത്തം ഉണ്ടായിരുന്നെങ്കിൽ ഈ അന്യവത്കരണം യഥാർത്ഥത്തിൽ സംഭവിക്കില്ലായിരുന്നു. ആ പ്രശ്നത്തെ അഭിമുഖീകരിക്കാതെ ആദിവാസി സമൂഹം മാറിപ്പോയി എന്ന് പറയുന്നതിൽ അർത്ഥമില്ല. അട്ടപ്പാടിയിൽ നിന്നും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പോയി പഠനം നടത്തി തിരികെയെത്തിയ ശേഷം എന്തുചെയ്യണമെന്നറിയാതെ വഴിമുട്ടി നിൽക്കുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ ജീവിത പാരമ്പര്യവുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യാനുള്ള സാഹചര്യമില്ലാത്തതുകൊണ്ടാണ് ഈ അന്യതാബോധം അവരിലുണ്ടാകുന്നത്. ദേശീയതലത്തിലുണ്ടായിരുന്ന പങ്കാളിത്ത വനപരിപാലനം പോലെയുള്ള ചിന്തകളേയും നയങ്ങളെയും വനാവകാശ നിയമവുമായി എങ്ങനെ ബന്ധിപ്പിക്കാം എന്ന് ആലോചിക്കാതെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല.

മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് അവരിരുവരും ഉത്തരവാദികളല്ല. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള കൃത്യമായ കാരണങ്ങൾ അതിന് പിന്നിലുണ്ട്. ആദിവാസികൾ നശിപ്പിച്ചതുകൊണ്ടല്ല, കാലാവസ്ഥ വ്യതിയാനം കൊണ്ട് മുള നശിച്ചതുകൊണ്ടാണ് വയനാട്ടിൽ ആനയ്ക്ക് തീറ്റയില്ലാതെയായത്. മുത്തങ്ങയിൽ ഞങ്ങൾ സമരം ചെയ്യുന്ന സമയത്ത്, അവിടെയുള്ള ആനകളും ആദിവാസികളും തമ്മിൽ നല്ലരീതിയിലുള്ള coexistence സാധ്യമാകുന്നുണ്ടായിരുന്നു. ആദിവാസികളെ ആരെയും ആന ചവിട്ടി കൊന്നില്ല. ആന വെള്ളം കുടിക്കാൻ വരുന്ന ഒരു കുളമുണ്ടായിരുന്നു അവിടെ. മനുഷ്യൻ വെള്ളമെടുക്കാൻ വരുന്നത് എപ്പോഴെന്ന് ആനയ്ക്കും ആന വെള്ളം കുടിക്കാൻ വരുന്നത് എപ്പോഴെന്ന് മനുഷ്യനും നന്നായറിയാമായിരുന്നു. പരമ്പരാഗതമായി മനുഷ്യർ താമസിക്കുന്ന സ്ഥലത്ത് ഇത്തരത്തിൽ പരസ്പര സഹകരണത്തോടെയുള്ള ഒരു ആവാസവ്യവസ്ഥ രൂപപ്പെട്ടിരിക്കും. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന് പരിഹാരം അന്വേഷിക്കേണ്ടത്, കാടിന്റെ ജൈവവൈവിധ്യം എങ്ങനെ മെച്ചപ്പെടുത്താം എന്നിടത്താണ്. ജൈവവൈവിധ്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും പരമ്പരാഗത സമൂഹങ്ങളെ എങ്ങനെ ഉപയോഗിക്കാം എന്നും ചിന്തിക്കണം.

**എം.കെ. പ്രസാദ്** : വനസംരക്ഷണത്തിൽ coexistence എന്നതിന്റെ പ്രാധാന്യം നമ്മുടെ സർക്കാറിന്റെ ആലോചനയിൽ പോലുമുള്ളതല്ല. യെല്ലോസ്റ്റോൺ നാഷണൽ പാർക്കിന്റെ മാതൃകയാണ് നമ്മൾ വനസംരക്ഷണത്തിനായി എടുത്തിട്ടുള്ളത്. വേട്ടക്കാർക്ക് സ്വസ്ഥമായി വേട്ട നടത്തുന്നതിനായി അവിടെയുള്ള അവസാനത്തെ ആദിവാസിയേയും കൊന്നിട്ട് സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച സ്ഥലമാണ് യെല്ലോസ്റ്റോൺ നാഷണൽ പാർക്ക്. കോർ, ബഫർ എന്ന സങ്കൽപ്പമെല്ലാം അവിടെ നിന്നുമാണ് വരുന്നത്. ആ സങ്കൽപ്പം വച്ചിട്ടാണ് ഇവിടെ കോർ ഏരിയയിൽ നിന്നും ആദിവാസികളെ ഒഴിപ്പിക്കുന്നത്. ഇന്ത്യയിലെ വനപരിപാലനത്തിന്റെ വർക്കിംഗ് പ്ലാൻ നിങ്ങൾ വായിച്ചു നോക്കണം. മരത്തിന്റെ സാമ്പത്തികമൂല്യം എത്രയെന്ന് കണ്ടെത്തുക, വിറ്റാൽ എത്ര കാശ് കിട്ടുമെന്ന് കണ്ടെത്തുക എന്നെല്ലാമാണ് വർക്കിംഗ് പ്ലാനിൽ പറയുന്നത്.

**കെ. രാജൻ** : നമ്മൾ ഭൂമിയുടെ വിഷയത്തെ വളരെ material ആയ രീതിയിലാണ് കാണുന്നത്. ഭൂമി ശരിക്കും മണ്ണിന്റെ പ്രശ്നമാണ്. മൃൺമയമാണ് എന്ന് പറയാം. ആദിവാസിക്ക് അത് ചിന്മയമോ ദിവ്യമയമോ ആണ്. സിയാറ്റിൽ മൂപ്പൻ പറഞ്ഞതുപോലെ മണ്ണ് എന്റെ രക്തവും പുഴ എന്റെ ധമനിയുമാണ് എന്ന് പറയുന്നതുപോലെയുള്ള ഒരു വികാരമാണത്. ഭൂമി പ്രശ്നത്തെ കേരളത്തിലെ ആദിവാസി

സംഘടനകൾ ഇത്തരത്തിൽ കാണുന്നുണ്ടോ? ഭൂമിയുടെ സാംസ്കാരികവും ആത്മീയവുമായ മൂല്യത്തെ നമ്മൾ കാണാതെ പോകുന്നില്ലേ. ഇത്തരത്തിലുള്ള വൈകാരികതകളെ ഒഴിവാക്കി എങ്ങനെയാണ് ആദിവാസിക്ക് ഭൂമി അന്യവത്കരിക്കപ്പെട്ടതിന്റെ പ്രശ്നത്തെ കാണാൻ കഴിയുന്നത്. ഗോത്രമഹാസഭ ഈ പ്രശ്നത്തെ എങ്ങനെയാണ് കാണുന്നത്? ഒരിക്കൽ ഒരു ലേഖനത്തിൽ നൃത്തം തരിക്കുന്ന ആദിവാസി ഉടൽ എന്നൊരു പ്രയോഗം ഗീതാനന്ദൻ നടത്തിയത് ഞാൻ ഓർക്കുന്നു. ആദിവാസികൾക്ക് എല്ലാ ദുരിതങ്ങളെയും മറികടക്കാനുള്ള സുസ്ഥിരമായ മാർഗ്ഗങ്ങൾ അവരുടെ സംസ്കാരിത്തിൽ തന്നെ ഉണ്ട് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അതുകൊണ്ട് ചോദിക്കുന്നതാണ്.

**എം. ഗീതാനന്ദൻ** : കേരളത്തിൽ കുറച്ച് ആദിവാസികൾ മാത്രമെ ഉള്ളൂ എങ്കിലും വൈവിധ്യങ്ങൾ ഏറെയുള്ള സമൂഹങ്ങളാണ് അവയെല്ലാം. ഓരോ ഗോത്രങ്ങളെയും രീതികൾ, ആചാരങ്ങൾ എല്ലാം തികച്ചും വ്യത്യസ്തങ്ങളാണ്. അത്തരം വൈവിധ്യങ്ങൾ നിറഞ്ഞ ആദിവാസി സമൂഹങ്ങളെല്ലാം പൊതുവിൽ നേരിടുന്ന ഭൂമിയുമായ ബന്ധപ്പെട്ട പ്രശ്നത്തിൽ മാത്രമാണ് ഗോത്രമഹാസഭ ഇടപെടുന്നതും സമരം ചെയ്യുന്നതും. സാംസ്കാരികമായി ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അവർ തന്നെ പരിഹാരം കണ്ടെത്തേണ്ടതാണ്. എങ്കിലും ഊരുക്കൂട്ടം എന്ന അവരുടെ സാംസ്കാരികമായ ഇടത്തെ ഞങ്ങൾ പരമാവധി പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ടാകാം വനാവകാശ നിയമം ഊരുക്കൂട്ടങ്ങളെ അടിസ്ഥാന ഭരണ യൂണിറ്റായി അംഗീകരിച്ചതും.

**കെ.എച്ച്. അമിതാബച്ചൻ** : സംരക്ഷണം എന്ന വാക്കു തന്നെ coexistence അവസാനിച്ചിടത്ത് നിന്നുമാണ് ആരംഭിച്ചതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. Coexistence അംഗീകരിക്കുമ്പോൾ മാത്രമെ സംരക്ഷണം ശാസ്ത്രീയമാകൂ. ലോകത്തെമ്പാടും നടക്കുന്ന സമരങ്ങളുടെയെല്ലാം പ്രധാന വിഷയം തദ്ദേശീയ ജനതയ്ക്ക് ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുകയും അവർക്ക് തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഇല്ലാതെ പോവുകയും ചെയ്യുന്നു എന്നതാണ്. ആ പ്രശ്നത്തെയാണ് വനാവകാശ നിയമം അഭിമുഖീകരിക്കുന്നത്.

കേരളത്തിൽ എല്ലാവരും ഒരു തരത്തിൽ കോർപ്പറേറ്റ് ആണ്. Community tenureship ൽ വിശ്വസിക്കാത്തവരാണ് കേരളത്തിലെ എല്ലാവരും. ഇന്നല്ലെങ്കിൽ നാളെ ഈ ഭൂമിയെല്ലാം എന്റെ പട്ടയത്തിൽ വരേണ്ടതാണ് എന്നതാണ് പൊതുചിന്ത. കേരളത്തിൽ നടന്നിട്ടുള്ള ആദിവാസി മുന്നേറ്റങ്ങളും സ്വകാര്യഭൂമിയിലുള്ള അവകാശത്തിനായാണ് വാദിച്ചിട്ടുള്ളത്. ആ ചിന്ത കാരണമാണ് വനാവകാശ നിയമത്തേയും ആദിവാസികൾക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള ഒന്നായി നാം കാണുന്നത്. വനാവകാശ നിയമം പറയുന്ന community right എന്നതിനെക്കുറിച്ച് വലിയ രീതിയിൽ ചർച്ചകൾ നടക്കാത്തതും അതുകൊണ്ടാണ്. ഒരു പക്ഷെ വയലുകളിൽ community right ആണ് കൊടുത്തിരുന്നതെങ്കിൽ വയലുകൾ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഇപ്പോൾ പറയുന്നതുപോലെ പരാതി പറയേണ്ടിവരില്ലായിരുന്നു. സമരം ചെയ്യേണ്ടി വരില്ലായിരുന്നു. ആ പശ്ചാത്തലത്തിൽ വേണം വനാവകാശ നിയമത്തേയും കാണാൻ. പങ്കാളിത്ത വനപരിപാലനത്തിൽ ഏറെ മുന്നോട്ട് പോയ വനംവകുപ്പ് വനാവകാശത്തിന്റെ കാര്യത്തിൽ നിശബ്ദത പാലിക്കുന്നതിന് കാരണം അധികാരം എന്ന പ്രശ്നം മാത്രമാണ്.

**പി. വിനോദ്** : 15 വർഷം വനംവകുപ്പിൽ ജോലി ചെയ്ത അനുഭവത്തിൽ നിന്ന് സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. വനാവകാശ നിയമത്തിന്റെ കാര്യത്തിൽ ഇവിടെ സംസാരിച്ചവരെല്ലാം വനംവകുപ്പിനെ ശത്രുപക്ഷത്ത് നിർത്തിയാണ് സംസാരിച്ചത്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള ഏജൻസി ട്രൈബൽ ഡിപ്പാർട്ട്മെന്റാണ്. അവരുടെ പങ്കാളിത്തം അക്കാര്യത്തിൽ വളരെ കുറവാണ്. 2007ൽ ഞങ്ങൾക്ക് വനംവകുപ്പിന്റെ ഉള്ളിൽ നിന്നും കിട്ടിയ സൂചന വനാവകാശ നിയമം നടപ്പിലാക്കിയാൽ വനംവകുപ്പിന് പണിയില്ലാതെയാകുമെന്നാണ്. വനംവകുപ്പിന് ദോഷം സംഭവിക്കും എന്ന സൂചന കിട്ടിയതുകൊണ്ടു തന്നെ ആദ്യം പലരും വനാവകാശ നിയമത്തിന് എതിരായിരുന്നു. വൈകിയാണ് യാഥാർത്ഥ്യം ഞങ്ങൾ മനസിലാക്കിയത്. കേരളത്തിലെ ചില അനുഭവങ്ങൾ കൂടി പറയട്ടെ. ഇവിടെ അടുത്ത് തന്നെയുള്ള ഒളകര, താമരവെള്ളച്ചാൽ ആദിവാസി കോളനികളുടെ കാര്യമെടുക്കാം. 52 കുടുംബങ്ങളുള്ള താമരവെള്ളച്ചാൽ കോളനിയിൽ 10 കുടുംബങ്ങളെ മാത്രം മാറ്റി നിർത്തിയാണ് വനാവകാശ നിയമപ്രകാരമുള്ള അവകാശം നൽകിയിരിക്കുന്നത്. നന്നായി പ്രവർത്തിച്ചിരുന്ന വനസംരക്ഷണ സമിതിയായിരുന്നു അവിടെയുണ്ടായിരുന്നത്. വനാവകാശം കിട്ടാതിരുന്ന ആ 10 കുടുംബങ്ങളിലെ ഒരാളായിരുന്നു വനസംരക്ഷണ സമിതി പ്രസിഡന്റ്. വനാവകാശം കിട്ടാതെ പോയതോടെ ആ 10 കുടുംബങ്ങളും അയാളും വനംവകുപ്പിന്റെ ശത്രുക്കളായി. സമിതിയുടെ പ്രവർത്തനം താറുമാറായി. കാട്ടുതീയെല്ലാം നന്നായി തടഞ്ഞിരുന്ന അവിടെ കഴിഞ്ഞ വർഷം കാട്ടുതീയുണ്ടായി. വാഴച്ചാലിൽ വനാവകാശ നിയമം നടപ്പിലാക്കാൻ എളുപ്പമാണ്. അവിടെയുള്ള കാടർ ആദിവാസികൾ പരമ്പരാഗതമായി കാടിനെ ആശ്രയിച്ചു കഴിയുന്നവരാണ്. അവർ കൃഷിചെയ്യുന്നവരല്ല. എന്നാൽ താമരവെള്ളച്ചാലിൽ അതല്ല സ്ഥിതി. അവിടെയുള്ള കൃഷി ചെയ്യുന്ന ആദിവാസികൾ വനാവാകശ നിയമത്തിന്റെ പേരിൽ കാട് കയ്യേറി കൃഷി ചെയ്യുകയാണുണ്ടായത്. ഇത്തരം പ്രായോഗികമായ ഒരുപാട് പ്രശ്നങ്ങൾ വനാവകാശ നിയമം വന്ന ശേഷം ഞങ്ങൾക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്.

അതുപോലെ, 75 വർഷമായി കാടിനെ ആശ്രയിച്ച് കഴിയുന്നവരാണ് എന്ന് കാണിച്ചാൽ വനാവകാശത്തിന് അർഹതയുണ്ടെന്ന് വനാവകാശ നിയമത്തിൽ പറയുന്നുണ്ട്. അങ്ങനെയൊരു തെളിവുണ്ടാക്കാൻ ആർക്കാണ് കഴിയാത്തത്. ഇവിടെ നിയമങ്ങളെല്ലാം ആ രീതിയിൽ കള്ളത്തരം കാണിച്ച് അട്ടിമറിക്കപ്പെട്ടിട്ടുണ്ട്.

**എ. ലത** : ഒരു നിയമത്തിനുള്ളിൽ എല്ലാം കൊണ്ടുവരാൻ കഴിയില്ല. പൂർണ്ണതയുള്ള നിയമങ്ങളൊന്നുമില്ല. സമ്മർദ്ദശക്തിയായി പ്രവർത്തിക്കുന്നവർ നിരന്തരം ഇടപെടുകയും

### വനാവകാശ നിയമം – സെക്ഷൻ 5

വനാവകാശ നിയമം നടപ്പിലാക്കിയതിന് ശേഷം പ്രസ്തുത ഗ്രാമസഭയിൽ വന്നുചേരുന്ന ഉത്തരവാദിത്തങ്ങൾ

1. വനം, വന്യജീവി, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണം
2. ചേർന്നുകിടക്കുന്ന വൃഷ്ടിപ്രദേശം, ജലസ്രോതസ്സുകൾ, മറ്റ് പാരിസ്ഥിതിക പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുക.
3. ആദിവാസികളുടെയും മറ്റ് വനാശ്രിത സമൂഹങ്ങളുടെയും സംസ്കാരത്തിനോ പൈതൃകത്തിനോ വിനാശകരമാകുന്ന എല്ലാത്തരം പ്രവർത്തനങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുക.
4. സാമൂഹിക വനവിഭവങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുക വഴി വനം, വന്യജീവി, ജൈവവൈവിധ്യം എന്നിവയെ സംരക്ഷിക്കാനുള്ള തീരുമാനമെടുക്കലും നടപ്പിലാക്കലും. (അവയുടെ നിലനിൽപ്പിനെ ബാധിക്കുമെങ്കിൽ).

നിയമത്തിലെ ന്യൂനതകൾ കാലാകാലങ്ങളിൽ പരിഹരിക്കുകയുമാണ് ചെയ്യേണ്ടത്.

പല ആദിവാസി വിഭാഗങ്ങളും തങ്ങളുടെ കമ്മ്യൂണിറ്റി ഫോറസ്റ്റിനെ കാണുന്ന രീതിയിൽ വ്യത്യാസമുണ്ട്. വാഴച്ചാലിൽ കാടർ ആദിവാസികളും മലയ ആദിവാസികളുമുണ്ട്. രണ്ട് പേരും ഭൂമിയെ കാണുന്നത് രണ്ട് രീതിയിലാണ്. മലയർ അവരുടെ പക്കലുള്ള ഭൂമിയിൽ റബ്ബർ വയ്ക്കാൻ തീരുമാനിച്ചപ്പോൾ കാടർ ആദിവാസികൾ അതിനെ എതിർത്തു. എന്നാൽ കാടർ വനവിഭവങ്ങൾ ശേഖരിച്ച് ജീവിക്കുന്നവരാണ്. റബ്ബർ കൃഷി അവർക്ക് ദോഷം ചെയ്യും. എന്നിട്ടും മലയർ റബ്ബർ വച്ചു. ഭൂമിയെ കാണുന്ന രീതിയിലുള്ള ഈ വ്യത്യാസം എല്ലാ വിഭാഗങ്ങളിലുമുണ്ട്. എനിക്കുന്നു തോന്നുന്നു വനാവകാശ നിയമത്തിൽ പറയുന്ന കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സസ് (CFR) ന് മേൽ ആദിവാസി സമൂഹത്തിന് അധികാരമുണ്ട് എന്ന് പറയുന്ന മേഖലയിൽ വനനശീകരണ പ്രവർത്തനങ്ങൾ തടയാൻ കഴിഞ്ഞാൽ വനാവകാശനിയമം വലിയ നേട്ടമാകും. കാരണം മൃഗങ്ങളുടെ സ്വാഭാവിക വാസസ്ഥലങ്ങളുടെ തുണ്ടുവത്കരണം എന്നതാണ് പശ്ചിമഘട്ടം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി. അത് പരിഹരിക്കുന്ന തരത്തിൽ ഇടപെടാൻ വനാവകാശ നിയമത്തിനും കഴിയണം. വനാശ്രിതരെ ശക്തിപ്പെടുത്തി, അവരെ വനസംരക്ഷണ പ്രവർത്തങ്ങളിൽ സജീവമാക്കുക എന്നതും വനാവകാശത്തിന്റെ ലക്ഷ്യമാണെന്ന് പറയുന്നുണ്ടല്ലോ. അവരെ ശക്തരാക്കണമെങ്കിൽ ആദ്യം പുറത്ത്നിന്നുള്ള ഇടപെടലുകൾ കുറയ്ക്കുകയാണ് വേണ്ടത്. അതിന് വേണ്ട നടപടികൾ ഗീതാനന്ദനെപ്പോലെയുള്ള ആദിവാസി പ്രവർത്തകർ കൈക്കൊള്ളണം. കാടില്ലാതെ ആദിവാസിയോ, ആദിവാസിയില്ലാതെ കാടോ നിലനിൽക്കില്ല.

**ജിയോ ജോസ്** : ആദിവാസിയുടെ കാര്യം പറയുമ്പോൾ മാത്രമാണ് പലരും ഭൂമിയുടെയും കാടിന്റെയും കാര്യത്തിൽ വളരെ ജാഗ്രത കാണിക്കുന്നത്. കോർപ്പറേറ്റുകൾക്ക് ഭൂമി കൊടുക്കുമ്പോഴോ, മൂന്നാറിലേത് പോലെയുള്ള കയ്യേറ്റങ്ങളുണ്ടാകുമ്പോഴോ, തോട്ടങ്ങളുടെ പ്രശ്നം ഉന്നയിക്കപ്പെടുമ്പോഴോ അത്രയും ജാഗ്രത കാണാറില്ല. ഏതെങ്കിലും ഒരു നിയമം ആദിവാസികൾക്ക് ഭൂമിയുടെ മേൽ അധികാരം കിട്ടാൻ സഹായകമാകുന്നെങ്കിൽ, പരിമിതികളുണ്ടെങ്കിൽപ്പോലും അതിനെ പിന്തുണയ്ക്കുകയാണ് വേണ്ടത്. തടസ്സങ്ങൾ പറഞ്ഞ് ഒരു നിയമത്തെ ഇല്ലാതാക്കാനല്ല, മെച്ചപ്പെടുത്താനാണ് ശ്രമിക്കേണ്ടത്. ആദിവാസികൾക്ക് ഏത് നിയമപ്രകാരം ഭൂമി കൊടുത്താലും അന്യാധീനപ്പെട്ടു പോകും എന്നൊരു തോന്നൽ നമുക്കുണ്ട്. അവരുടെ ഭൂമി അവരുടെ കൈയിലിരിക്കുന്നതിന് നമ്മൾ അവരെ സഹായിക്കുകയാണ് വേണ്ടത്. ഭൂമിക്ക് മേലുള്ള അധികാരം എന്നത് മൗലികമായ സംഗതിയാണ്. ആ അധികാരത്തെയും വനസംരക്ഷണത്തെയും എങ്ങനെ ഒരുമിച്ച് കൊണ്ടുപോകാം എന്നുതന്നെയാണ് ചിന്തിക്കേണ്ടത്.

**എം.കെ. പ്രസാദ്** : വനാവകാശ നിയമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെയും ആദിവാസി വകുപ്പിന്റെയും ഇടയിൽ ഇപ്പോൾ നിലനിൽക്കുന്ന ആശയക്കുഴപ്പം പരിഹരിക്കാൻ പൊതുപ്രവർത്തകരുടെ സാന്നിധ്യത്തിൽ വകുപ്പ് പ്രതിനിധികൾ ചർച്ച നടത്തണം. ആദിവാസികളെ വനാവകാശ നിയമത്തിന്റെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ ഗീതാനന്ദനെപ്പോലെയുള്ളവർക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. പൊതുസമൂഹത്തെയും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

***സാന്നിധ്യം:*** *ഡോ. മാമൻ (കെ.എഫ്.ആർ.ഐ), ഫാ. അഗസ്റ്റിൻ വട്ടോളി (സാമൂഹിക പ്രവർത്തകൻ), മാമൻ (ആദിവാസി ഐക്യദാർഢ്യ പ്രവർത്തകൻ), എസ്. ഉണ്ണികൃഷ്ണൻ (അതിരപ്പിള്ളി സംരക്ഷണ സമിതി), ഡോ. ഇ.എം. മുരളീധരൻ (കെ.എഫ്.ആർ.ഐ), ജോർജ്ജ് ബ്രൂണോ (എഡിറ്റർ, സ്പാർട്ടക്കസ്).*

### കൂടങ്കുളം ആണവവിരുദ്ധ സമര ഐക്യദാർഢ്യ സമിതി വിപുലീകരണം

കൂടങ്കുളം ആണവ നിലയത്തിനെതിരായി തദ്ദേശവാസികൾ നടത്തിവരുന്ന ചെറുത്തുനിൽപ്പിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് രൂപീകരിച്ച കൂടങ്കുളം ആണവ വിരുദ്ധ സമര ഐക്യാദാർഢ്യ സമിതി വിപുലീകരിക്കുന്നു. കേരളത്തിൽ ആണവ നിലയത്തിനെതിരെ നിലപാട് സ്വീകരിച്ചവരെയും സമരത്തിന് പിന്തുണ പ്രഖ്യാപിച്ച സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സമിതി വിപുലീകരിക്കുന്നത്. 2012 ഡിസമ്പർ 2–ാം തീയ്യതി തൃശൂർ സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ വൈകീട്ട് 4 മണിക്കാണ് യോഗം.

*ബന്ധങ്ങൾക്ക്: 9847439290, 94460875773, 8547698740*



### സൈക്കിൾ പുസ്തകം

രാജു റാഫേൽ രചിച്ച, കേരളീയത്തിൽ യാത്രാവിവരണ പംക്തിയായി 20 ലക്കങ്ങൾ പ്രസിദ്ധീകരിച്ച 'ആംസ്റ്റർഡാമിലെ സൈക്കിളുകൾ' പുസ്തകം പ്രകാശനം ചെയ്തു. തൃശൂർ സൽസബീൽ ഗ്രീൻസ്കൂളിൽ വച്ച് നവംബർ 18ന് മേധാപട്കറാണ് പ്രകാശനം ചെയതത്. ഗ്രീൻ ബുക്സാണ് പ്രസാധകർ. വില: 125 രൂപ